



**വ്യക്തികളുടേതായാലും സംഭവങ്ങളുടേതായാലും തുടക്കം മുതൽ ഒടുക്കം വരെ ക്രമാനുഗതമായിട്ടല്ല ഖുർആൻ ചരിത്രങ്ങൾ പറയാറുള്ളത്. ഓരോ ഖുർആൻ സൂക്തവും അത് അവതരിച്ച സന്ദർഭത്തിന്റെ താൽപര്യത്തെ പ്രതിനിധീകരിക്കുന്നതായിരിക്കും. ഇവിടെ മൂസാ നബിയുടെ ചരിത്ര കഥനം ആരംഭിക്കുന്നത് അദ്ദേഹത്തിന്റെ പ്രവാചകത്വ ലബ്ധിയിൽനിന്നാണ്.**

സൂറ-20

# താഹാ

**ആയത്ത് 9 മുതൽ 13 വരെ**

وَهَلْ أَتَىٰكَ حَدِيثُ مُوسَىٰٓ ﴿٩﴾

إِذْ رَءَا نَارًا فَقَالَ لِأَهْلِهِ ٱمْكُثُوٓا۟ إِنِّىٓ ءَانَسْتُ نَارًا لَّعَلِّىٓ ءَاتِيكُم مِّنْهَا
بِقَبَسٍ أَوْ أَجِدُ عَلَى ٱلنَّارِ هُدًى ﴿١٠﴾

فَلَمَّآ أَتَىٰهَا نُودِىَ يَٰمُوسَىٰٓ ﴿١١﴾

إِنِّىٓ أَنَا۠ رَبُّكَ فَٱخْلَعْ نَعْلَيْكَ ۖ إِنَّكَ بِٱلْوَادِ ٱلْمُقَدَّسِ طُوًى ﴿١٢﴾

وَأَنَا ٱخْتَرْتُكَ فَٱسْتَمِعْ لِمَا يُوحَىٰٓ ﴿١٣﴾

9. നിനക്കറിയാമോ മൂസായുടെ ചരിത്രം?

10. അദ്ദേഹം ഒരു വെളിച്ചം കണ്ടപ്പോൾ കുടുംബത്തോടു പറഞ്ഞു: നിൽക്കിൻ ഒരു വെളിച്ചം കാണുന്നുണ്ട്. അതിൽനിന്ന് ഒരു ശിഖ നിങ്ങൾക്ക് കൊണ്ടുവരാൻ പറ്റിയാലോ, അല്ലെങ്കിൽ ആ വെളിച്ചമുള്ളിടത്തുനിന്ന് വഴിയറിയാൻ കഴിഞ്ഞേക്കും.

11. അവിടെയെത്തിയപ്പോൾ അദ്ദേഹം ഒരു വിളി കേട്ടു. അല്ലയോ മൂസാ-

12. ഞാൻ നിന്റെ വിധാതാവാകുന്നു. നിന്റെ ചെരിപ്പ് ഊരിവക്കൂ. നീയിപ്പോൾ വിശുദ്ധമായ തുവാ താഴ്‌വരയിലാകുന്നു.

13. ഞാൻ നിന്നെ തെരഞ്ഞെടുത്തിരിക്കുന്നു. ആകയാൽ ദിവ്യസന്ദേശം ശ്രദ്ധിച്ചു കേട്ടുകൊള്ളുക.

മൂസായുടെ വർത്തമാനം, ചരിത്രം = حَدِيثُ مُوسَىٰٓ നിനക്കു വന്നുവോ (അറിയാമോ) = وَهَلْ أَتَىٰكَ
അപ്പോൾ അദ്ദേഹം പറഞ്ഞു = فَقَالَ ഒരു തീ, വെളിച്ചം = نَارًا അദ്ദേഹം കണ്ടപ്പോൾ(ണ്ടത്) = إِذْ رَءَا
നിൽക്കുവീൻ = ٱمْكُثُوٓا۟ അദ്ദേഹത്തിന്റെ കുടുംബത്തോട്, ഭാര്യയോട് = لِأَهْلِهِ
ഒരു തീ, വെളിച്ചം = نَارًا തീർച്ചയായും ഞാൻ കാണുന്നു = إِنِّىٓ ءَانَسْتُ
അതിൽനിന്ന് = مِّنْهَا ഞാൻ നിങ്ങൾക്ക് കൊണ്ടുവന്നേക്കാം(വരാൻ പറ്റിയാലോ) = لَّعَلِّىٓ ءَاتِيكُم
അല്ലെങ്കിൽ ഞാൻ കണ്ടേക്കാം (അറിയാൻ കഴിഞ്ഞേക്കും) = أَوْ أَجِدُ ഒരു ശിഖ, നാളം, തിരി = بِقَبَسٍ
മാർഗം, വഴി = هُدًى തീയിന്മേൽ( ആ വെളിച്ചം കാണുന്നിടത്തുനിന്ന്) = عَلَى ٱلنَّارِ
(ഒരു) വിളി(കേട്ടു)ക്കപ്പെട്ടു = نُودِىَ അദ്ദേഹം അതിനടുത്ത് വന്നപ്പോൾ (അവിടെ എത്തിയപ്പോൾ) = فَلَمَّآ أَتَىٰهَا
നീ ഊരിവക്കൂ = فَٱخْلَعْ ഞാൻ നിന്റെ വിധാതാവാകുന്നു = أَنَا۠ رَبُّكَ തീർച്ചയായും ഞാൻ = إِنِّىٓ അല്ലയോ മൂസാ = يَٰمُوسَىٰٓ
വിശുദ്ധമായ തുവാ താഴ്‌വരയിലാകുന്നു = بِٱلْوَادِ ٱلْمُقَدَّسِ طُوًى തീർച്ചയായും നീ = إِنَّكَ നിന്റെ ചെരിപ്പു രണ്ടും = نَعْلَيْكَ
ആകയാൽ നീ ശ്രദ്ധിച്ചു കേൾക്കുക = فَٱسْتَمِعْ നിന്നെ തെരഞ്ഞെടുത്തിരിക്കുന്നു = ٱخْتَرْتُكَ ഞാൻ = وَأَنَا
ബോധനം ചെയ്യപ്പെടുന്നത്(ദിവ്യസന്ദേശം) = لِمَا يُوحَىٰٓ

## 9

തുടക്കത്തിൽ വിശുദ്ധ ഖുർആനിന്റെ മഹത്വവും മുഖ്യ സന്ദേശവും അത് പ്രബോധനം ചെയ്യേണ്ടതിന്റെ ആവശ്യകതയും ആ പരിശ്രമത്തിൽ പ്രവാചകൻ നേരിടുന്ന പ്രയാസങ്ങളും സൂചിപ്പിച്ചശേഷം ഇക്കാര്യത്തിൽ നിശ്ചയദാർഢ്യത്തിന്റെയും സഹനത്തിന്റെയും പ്രായോഗിക പാഠം നൽകുന്ന ഒരു പ്രവാചക ചരിത്രത്തിലേക്ക് വെളിച്ചം വീശുകയാണ് തുടർന്നുള്ള കുറെ സൂക്തങ്ങൾ. ഖുർആൻ പ്രവാചക ചരിത്രങ്ങൾ ഉദ്ധരിക്കുന്നത് മുഹമ്മദ് നബിക്കും ശിഷ്യന്മാർക്കും അതുവഴി മനോദാർഢ്യവും ആദർശ സ്ഥൈര്യവും വർധിക്കുന്നതിനു വേണ്ടിയാണെന്ന് സൂറഃ ഹൂദ് 120-ാം സൂക്തത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

وَكُلًّا نَّقُصُّ عَلَيْكَ مِنْ أَنۢبَآءِ ٱلرُّسُلِ مَا نُثَبِّتُ بِهِۦ فُؤَادَكَ ۚ وَجَآءَكَ فِى هَـٰذِهِ
ٱلْحَقُّ وَمَوْعِظَةٌ وَذِكْرَىٰ لِلْمُؤْمِنِينَ ﴿١٢٠﴾

(പ്രവാചകാ, ദൈവദൂതന്മാരുടെ ഈ കഥകളൊക്കെയും നാം നിന്നെ കേൾപ്പിക്കുന്നത് നിന്റെ മനസ്സ് ദൃഢമാക്കുന്നതിനു വേണ്ടിയാകുന്നു. അതുവഴി നിനക്ക് സത്യജ്ഞാനം ലഭിക്കുന്നു. സത്യവിശ്വാസികൾക്ക് സദുപദേശവും ഉൽബോധനവും ലഭിക്കുന്നു).

മൂസാ നബിയുടെ കഥയാണ് ഇവിടെ ഉദ്ധരിക്കുന്നത്. സ്വജനങ്ങളിൽനിന്നും അന്യസമുദായങ്ങളിൽനിന്നും അതിരൂക്ഷമായ എതിർപ്പുകളും പീഡനങ്ങളും അനുഭവിച്ച് പ്രവർത്തിക്കേണ്ടിവന്ന പ്രവാചകനാണ് മൂസാ(അ). അതെല്ലാം അദ്ദേഹം അസാമാന്യമായ സഹനശക്തി കൊണ്ട് നേരിടുകയായിരുന്നു. മുഹമ്മദ് നബി(സ) അന്നുവരെ നേരിട്ട മിക്ക പ്രതിസന്ധികളും മറ്റൊരു സാഹചര്യത്തിൽ അദ്ദേഹവും നേരിട്ടതായി ചൂണ്ടിക്കാണിക്കുന്നു. ഒപ്പം ഇനിയും വരാനിരിക്കുന്ന ഒട്ടനേകം പ്രശ്നങ്ങളെ കുറിച്ചുണർത്തുകയും അവയെ നേരിടാൻ സജ്ജമായിക്കൊള്ളണമെന്ന് സൂചിപ്പിക്കുകയും ചെയ്യുന്നു. ആ നിലക്ക് തുടക്കത്തിൽ താത്വിക സ്വഭാവത്തിൽ പ്രസ്താവിച്ച കാര്യങ്ങളുടെ പ്രായോഗിക മാതൃകയാണ് ഈ ചരിത്രം അവതരിപ്പിക്കുന്നത്. പ്രായോഗികാനുഭവങ്ങൾക്ക് തത്വപ്രഭാഷണത്തെക്കാൾ സ്വാധീനശക്തിയുണ്ടല്ലോ. ഒരു പ്രവാചകന്ന് മറ്റൊരു പ്രവാചകന്റെ അനുഭവ ചരിത്രം സ്വന്തം കുടുംബ പൈതൃകം തന്നെയാണ്. മൂസാ(അ) ആകട്ടെ, മുഹമ്മദ് നബി(സ) നേരിട്ടതിനു സമാനമോ അതിനെക്കാൾ കഠിനമോ ആയ സാഹചര്യങ്ങൾ നേരിടേണ്ടിവന്ന പ്രവാചകനാണ്. അതുകൊണ്ടു തന്നെയാണ് ഖുർആൻ ഏറ്റവും കൂടുതൽ പരാമർശിക്കുന്ന പ്രവാചകൻ മൂസാ(അ) ആയത്. മൂസാ ചരിത്രത്തിന്റെ പല വശങ്ങളും ഇതിനുമുമ്പ് പല സൂറഃകളിൽ പരാമർശിച്ചിട്ടുണ്ട്. തൊട്ടു മുമ്പുള്ള സൂറഃ മർയമിലും അദ്ദേഹത്തെ പരാമർശിച്ചിരിക്കുന്നു.

'നിനക്കറിയാമോ മൂസായുടെ ചരിത്രം' എന്ന ചോദ്യത്തോടെയാണ് അല്ലാഹു കഥ തുടങ്ങുന്നത്. ചിലപ്പോൾ താക്കീതും ഭീഷണിയും ധ്വനിപ്പിക്കാനും ചിലപ്പോൾ താൽപര്യവും ഉത്സാഹവും ജനിപ്പിക്കാനും ഉപയോഗിക്കാറുള്ള ശൈലിയാണിത്. താൽപര്യവും ഉത്സാഹവും ജനിപ്പിക്കുകയാണ് ഇവിടെ ഉദ്ദേശ്യമെന്ന് സന്ദർഭത്തിൽനിന്നു വ്യക്തമാകുന്നു. വചനസാരമിതാണ്: മൂസായുടെ ചരിത്രം കേട്ടിട്ടില്ലേ? നാമിതാ അതു പറഞ്ഞുതരുന്നു. പ്രബോധന സംരംഭത്തിന്റെ ഈ ഘട്ടത്തിൽ നീ നേരിട്ട അല്ലെങ്കിൽ വരുംനാളുകളിൽ നേരിടാനിരിക്കുന്ന ചോദ്യങ്ങൾക്കെല്ലാമുള്ള ഉത്തരം അതിൽനിന്നു ലഭിക്കും. മുഹമ്മദ് നബിക്കു മുമ്പ് വേദവും ശരീഅത്തും പ്രബോധനം ചെയ്ത പ്രവാചകനാണ് മൂസാ(അ). സ്വജനത്തെ അദ്ദേഹം ഫറവോന്റെ അടിമത്വത്തിൽ നിന്ന് മോചിപ്പിച്ചു. വർഷങ്ങളോളം അവരെ നയിക്കുകയും ഭരിക്കുകയും ചെയ്തു. ഇതൊന്നും ലളിതമായി ചെയ്തു തീർത്ത കാര്യങ്ങളായിരുന്നില്ല. ഒരുപാട് പ്രയാസങ്ങളും പ്രതിബന്ധങ്ങളും അദ്ദേഹത്തിനു നേരിടേണ്ടിവന്നിട്ടുണ്ട്. മർദനവും പീഡനങ്ങളും അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. പരിഹാസ ശകാരങ്ങൾ കേൾക്കേണ്ടി വന്നിട്ടുണ്ട്. എല്ലാം അദ്ദേഹം അസാമാന്യമായ സഹനത്തോടെ, സ്ഥൈര്യത്തോടെ തരണം ചെയ്യുകയായിരുന്നു. പ്രവാചകനെന്ന നിലയിൽ മൂസായുടെ അനന്തരാവകാശിയാണ് മുഹമ്മദ് നബി. മൂസായുടെ വേദത്തിന്റെയും ശരീഅത്തിന്റെയും അന്തിമ രൂപമാണ് അദ്ദേഹം പ്രബോധനം ചെയ്യുന്നത്. ഈ പരിപ്രേക്ഷ്യത്തിലൂടെ വായിച്ചാൽ മൂസായുടെ ചരിത്രം മുഹമ്മദ് നബിക്ക് അന്യ ചരിത്രമല്ല സ്വന്തം ചരിത്രം തന്നെയാണ്.

## 10

വ്യക്തികളുടേതായാലും സംഭവങ്ങളുടേതായാലും തുടക്കം മുതൽ ഒടുക്കം വരെ ക്രമാനുഗതമായിട്ടല്ല ഖുർആൻ ചരിത്രങ്ങൾ പറയാറുള്ളത്. ഓരോ ഖുർആൻ സൂക്തവും അത് അവതരിച്ച സന്ദർഭത്തിന്റെ താൽപര്യത്തെ പ്രതിനിധീകരിക്കുന്നതായിരിക്കും. ഇവിടെ മൂസാ നബിയുടെ ചരിത്ര കഥനം ആരംഭിക്കുന്നത് അദ്ദേഹത്തിന്റെ പ്രവാചകത്വ ലബ്ധിയിൽനിന്നാണ്. മൂസാ നബി ഒൻപതു വർഷത്തോളം മദ്‌യൻ ദേശത്ത് പ്രവാസിയായി പാർത്തിരുന്നു. അക്കാലത്ത് അവിടെനിന്ന് വിവാഹവും ചെയ്തു. അനന്തരം കുടുംബവുമൊത്ത് മദ്‌യൻ വിട്ടു. അവരുടെ ലക്ഷ്യം അദ്ദേഹത്തിന്റെ ജന്മദേശമായ ഈജിപ്ത് തന്നെ ആയിരിക്കണമെന്നില്ല. അവിടെനിന്ന് ശിക്ഷ ഭയന്ന് ഓടിപ്പോന്നതാണ് അദ്ദേഹം. ഈജിപ്ഷ്യൻ അധികാരികളുടെ പിടിയിൽ പെടാത്ത മറ്റേതെങ്കിലും ദേശമായിരിക്കാം ലക്ഷ്യം. മൂസാ നബി മദ്‌യനിൽ പോകാനും അവിടെനിന്ന് വിവാഹം ചെയ്യാനും ഇടയായ സംഭവങ്ങൾ സൂറഃ അൽഖസ്വസിൽ വിവരിച്ചിട്ടുണ്ട്.

മൂസാ നബിയും കുടുംബവും മദ്‌യനിൽനിന്നു ലഭിച്ച ആടുകളും സഞ്ചരിച്ചിരുന്നത് ജനവാസ കേന്ദ്രങ്ങൾ ഒഴിവാക്കി വിജനമായ പാതയിലൂടെയായിരുന്നുവെന്നും ഈജിപ്ഷ്യൻ അധികൃതരുടെ കണ്ണിൽ പെടാതിരിക്കാനായിരുന്നു അതെന്നും ചില ചരിത്രകാരന്മാർ പറയുന്നു. തന്റെ സഹോദരൻ ഹാറൂനെ കണ്ടെത്തി അദ്ദേഹത്തെ തന്നോടൊപ്പം കൊണ്ടുപോകാനും മൂസാ നബി ഉദ്ദേശിച്ചിരുന്നുവത്രെ. സിറിയയോട് ചേർന്നു കിടക്കുന്ന മരുഭൂമിയിലൂടെയായിരുന്നു യാത്ര. ഒരു രാത്രിയിൽ അവർക്കു വഴിതെറ്റിപ്പോയിരുന്നു. കൊടിയ തണുപ്പ്. കൂരിരുട്ട്. വിളക്കില്ല. കൈയിലുണ്ടായിരുന്ന വിളക്ക് കത്തിക്കാൻ ശ്രമി

ച്ചുവെങ്കിലും അതു കത്തിയില്ലെന്ന് ചിലർ പറയുന്നുണ്ട്. അടുത്തൊന്നും മനുഷ്യരുള്ളതിന്റെ ലക്ഷണമില്ല. പരിഭ്രാന്തനായ മൂസാ(അ) നാലുപാടും കണ്ണയച്ചുകൊണ്ടിരുന്നു. ഒരു മനുഷ്യ ശബ്ദത്തിനു വേണ്ടി കാതോർത്തു. പക്ഷേ കാഴ്ചയും കേൾവിയും കൂരിരുട്ടിന്റെ മതിലിൽ തട്ടി തന്നിലേക്കു തന്നെ തിരിച്ചുവരികയായിരുന്നു. എന്തു ചെയ്യണം, എങ്ങോട്ടു നീങ്ങണം എന്നറിയാതെ പരിഭ്രാന്തരായി നിൽക്കുമ്പോൾ മൂസാ അകലെയൊരു വെട്ടം കണ്ടു. رَءَا نَارًا എന്നാണ് അല്ലാഹു പറയുന്നത്. എന്നാൽ മൂസാ(അ) പറയുന്നത് ءَانَسْتُ نَارًا എന്നാണ്. തീയുടെ വെളിച്ചത്തിന്റെ സാന്നിധ്യം അനുഭവപ്പെട്ടു അല്ലെങ്കിൽ തോന്നി എന്നാണതിന്റെ കൃത്യമായ അർഥം. എവിടെയെങ്കിലും തീ ആളിക്കത്തുന്നതല്ല; ഒരു നാളം മിന്നി മറഞ്ഞു കൊണ്ടിരിക്കുന്നതാണ് അദ്ദേഹം കണ്ടത്. മൂസാ(അ)ക്ക് അല്ലാതെ കൂടെയുണ്ടായിരുന്ന കുടുംബത്തിന് അത് കാണാൻ കഴിഞ്ഞിരുന്നില്ല. അല്ലെങ്കിൽ 'നോക്കൂ അവിടെ യതാ വെളിച്ചം' എന്നാണല്ലോ അദ്ദേഹം പറയുക. അവിടെ നിന്ന് തിരി കത്തിച്ചു കൊണ്ടുവരാനോ വഴി മനസ്സിലാക്കാനോ കഴിയുമെന്ന കാര്യത്തിൽ അദ്ദേഹത്തിന് സന്ദേഹമുണ്ടായിരുന്നുവെന്നാണ് തുടർന്നുള്ള لَعَلِّي എന്ന വാക്ക് സൂചിപ്പിക്കുന്നത്. ശിഖ, കനൽ, ജ്വാല, തിരി തുടങ്ങിയ അർഥങ്ങളിലുള്ള പദമാണ് قبس. സൂറഃ അൽഖസ്വസിൽ جذوة (കനൽ) എന്നാണ് പറഞ്ഞിരിക്കുന്നത്. ആ വെളിച്ചം ഒരുപക്ഷേ ഇടയന്മാർ ചൂടു കായാൻ തീയിട്ടതായിരിക്കാം. അവിടെ പോയി നമുക്ക് വെളിച്ചം കത്തിക്കാനും ചൂടുകായാനും കുറച്ചു തീ കൊണ്ടു വരാം. ഖസ്വസിൽ لَعَلَّكُمْ تَصْطَلُونَ നിങ്ങൾക്ക് തീക്കായാൻ എന്നുതന്നെ പറയുന്നുണ്ട്. തീ കത്തുന്നിടത്ത് അതു കത്തിച്ച ഇടയന്മാരോ സഞ്ചാരികളോ ഉണ്ടാകും. അവരോട് അന്വേഷിച്ച് തുടർന്ന് സഞ്ചരിക്കാനുള്ള വഴി മനസ്സിലാക്കുകയും ചെയ്യാം. ഇതാണ് أَوْ أَجِدُ عَلَى ٱلنَّارِ هُدًى എന്ന വാക്യത്തിന്റെ സാരം.

## 11–12

മൂസാ നബി കുടുംബത്തെ അവിടെ നിർത്തി വെളിച്ചം കണ്ട ദിക്കിലേക്ക് പോയി. അവിടെയെത്തിയപ്പോൾ ഒരു വിളിയാളം കേട്ടു: അല്ലയോ മൂസാ, ഇതു ഞാൻ നിന്റെ വിധാതാവാണ്. അതായത്, നീ ഇവിടെ തീ തേടി വന്നിരിക്കുന്നു. എന്നാൽ ഇവിടെ തീയില്ല. പക്ഷേ നിന്റെ സ്രഷ്ടാവും പരിപാലകനുമായ അല്ലാഹുവാണുള്ളത്. അതിനാൽ വിധാതാവിന്റെ മുമ്പിൽ ചെരിപ്പ് ഊരണം. നീയിപ്പോൾ വിശുദ്ധമായ തുവാ താഴ്വരയിലാകുന്നു.

പവിത്ര സ്ഥാനങ്ങളിൽ പ്രവേശിക്കേണ്ടത് വണക്കത്തോടും വെടിപ്പോടും കൂടിയാണ്. അത്തരം സ്ഥലങ്ങളിൽ പാദരക്ഷ ധരിച്ച് പ്രവേശിക്കുന്നത് ആ സ്ഥാനത്തെ അവമതിക്കലും മലിനമാക്കലുമാണ്. അതുകൊണ്ടാണ് വിശുദ്ധ താഴ്വരയിൽ ചെരിപ്പൂരാൻ അല്ലാഹു മൂസായോടു കൽപ്പിച്ചത്. ചെരിപ്പിട്ടവർ പുറത്തുനിന്ന് പലതരം മാലിന്യങ്ങളിൽ ചവിട്ടിക്കടന്നാവാമല്ലോ വിശുദ്ധ സ്ഥലങ്ങളിലെത്തുന്നത്.

ഈ സൂക്തത്തെ ആധാരമാക്കി നമസ്കാരത്തിലും പള്ളിയിൽ പ്രവേശിക്കുമ്പോഴും ചെരിപ്പു ധരിക്കുന്നതു സംബന്ധിച്ച് കർമശാസ്ത്രകാരന്മാർ വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. മാലിന്യം പുരണ്ട പാദരക്ഷ ധരിച്ച് പള്ളിയിൽ പ്രവേശിക്കുകയോ നമസ്കരിക്കുകയോ ചെയ്യാൻ പാടില്ല എന്ന കാര്യത്തിൽ തർക്കമില്ല. പാദരക്ഷയിൽ മാലിന്യമില്ലെങ്കിൽ വിരോധവുമില്ല, എന്നല്ല പാദരക്ഷ ധരിച്ചു നമസ്കരിക്കുന്നതാണ് കൂടുതൽ നല്ലതെന്നുവരെ ചിലർക്ക് അഭിപ്രായമുണ്ട്. കാരണം പാദരക്ഷ ശരീരാലങ്കാരങ്ങളിലൊന്നാണ്. മസ്ജിദുകളിൽ ചെല്ലുമ്പോൾ അലങ്കാരങ്ങൾ ധരിക്കണമെന്ന്– خُذُوا۟ زِينَتَكُمْ عِندَ كُلِّ مَسْجِدٍ (7:31)–ഖുർആൻ കൽപ്പിച്ചിരിക്കുന്നു. പാദരക്ഷയുടെ ശുദ്ധീകരണത്തെക്കുറിച്ചുമുണ്ട് വ്യത്യസ്തമായ നിലപാടുകൾ. വെള്ളം കൊണ്ട് കഴുകിത്തന്നെ ശുദ്ധീകരിക്കണമെന്നാണ് ഇമാം ശാഫിഇയും മാലിക്കും നിർദേശിച്ചിട്ടുള്ളത്. മനുഷ്യന്റെ മലമൂത്രങ്ങളും രക്തവും അല്ലാത്ത ഉണങ്ങിയ മാലിന്യങ്ങൾ മണ്ണിലുരച്ചോ ചുരണ്ടിയോ തടവിയോ ശുദ്ധീകരിക്കാമെന്ന് ഔസാഇയും അബൂഥൗറും അബൂഹനീഫയും അഭിപ്രായപ്പെട്ടിരിക്കുന്നു. നനവുള്ള മാലിന്യമാണെങ്കിൽ വെള്ളം കൊണ്ട് കഴുകിക്കളയണം.

ചില പണ്ഡിതന്മാരുടെ വീക്ഷണം ഇതാണ്: മൂസായോട്(അ) ചെരിപ്പൂരാൻ കൽപ്പിച്ചത് അദ്ദേഹത്തിന് പ്രവാചകത്വവും ദിവ്യബോധനവും നൽകാൻ അല്ലാഹു വിളിച്ചുവരുത്തിയ സ്ഥലത്താണ്. അത് ആ സ്ഥലത്തിനുണ്ടായ താൽക്കാലികമായ പവിത്രതയാണ്. അതിനു മുമ്പോ ശേഷമോ അവിടം പാവന സ്ഥലമായി പരിഗണിക്കപ്പെടുന്നില്ല. അങ്ങനെ പരിഗണിക്കപ്പെട്ടിരുന്നുവെങ്കിൽ ആ സ്ഥലം പിൽക്കാലത്തും പാവനമായി സംരക്ഷിക്കപ്പെടുമായിരുന്നു. അതിനാൽ ഈ സംഭവം നമസ്കാരത്തിലും പള്ളിയിലും പാദരക്ഷ പാടില്ലെന്ന പൊതു വിധിയെ തേടുന്നില്ല. പാദരക്ഷ ധരിച്ചു നമസ്കരിക്കാൻ നബി(സ) അനുവദിച്ചതായി അനേകം ഹദീസുകളുണ്ട്. സ്വഹാബത്ത് അപ്രകാരം പ്രവർത്തിക്കുകയും ചെയ്തിരുന്നു. ചെരിപ്പിൽ പറ്റുന്ന മാലിന്യത്തെക്കുറിച്ച് തിരുമേനി പറഞ്ഞത് يطهره مابعده –അതിനു ശേഷമുള്ളത് അത് ശുദ്ധീകരിച്ചു കൊള്ളും എന്നാണ്. അതായത് നടക്കുമ്പോൾ ചെരിപ്പിൽ പറ്റുന്ന മാലിന്യം തുടർന്നു നടക്കുമ്പോൾ ശുചിയാകും.

പ്രവാചകന്റെ(സ) കാലത്ത് പള്ളികൾ ഇന്നത്തെപ്പോലെ തറയിൽ മാർബിളും ഗ്രാനൈറ്റും പതിച്ച് കഴുകി വൃത്തിയാക്കി പായകളും പരവതാനികളും വിരിച്ചു സൂക്ഷിച്ചിരുന്നില്ല. മണ്ണും ചരലും തന്നെയായിരുന്നു തറയിലുണ്ടായിരുന്നത്. ഇന്ന് വൃത്തിയായി വിതാനിച്ചു സൂക്ഷിക്കുന്ന പള്ളികളിൽ പാദരക്ഷ ധരിച്ചു കയറുന്നത് അനാദരവും അനഭിലഷണീയവും തന്നെയാണ്. എന്നാൽ വെറും തറയിൽ നിന്ന് നമസ്കരിക്കുന്നവരും പാദരക്ഷ ധരിക്കാൻ പാടില്ല എന്നു പറയുന്നത് അനഭിലഷണീയമാകുന്നു.

وَادِ ٱلْمُقَدَّسِ طُوًى യിലാണ് ഈ സംഭവം നടന്നതെന്ന് ഇവിടെ പറയുന്നു. വിശുദ്ധമായ തുവാ താഴ്വര എന്നാണ് ആ വാക്കിന് പൊതുവിൽ സ്വീകരിക്കപ്പെട്ടിട്ടുള്ള അർഥം. സൂറഃ *മർയമി*ൽ جَانِبِ ٱلطُّورِ ٱلْأَيْمَنِ–തൂർ മലയുടെ വലതുവശം എന്നാണീ സ്ഥലത്തെ പരിചയപ്പെടുത്തുന്നത്. സൂറഃ അൽഖസ്വസ് 30-ാം സൂക്തത്തിൽ شَٰطِئِ ٱلْوَادِ ٱلْأَيْمَنِ فِى ٱلْبُقْعَةِ ٱلْمُبَٰرَكَةِ مِنَ ٱلشَّجَرَةِ – താഴ്വരയുടെ വലതു തീരത്തെ അനുഗൃഹീത സ്ഥലത്തുള്ള വൃക്ഷം എന്നും പറഞ്ഞിരിക്കുന്നു. തൂർ മലയുടെ പടിഞ്ഞാറു വശത്തുള്ള മരുപ്രദേശമാണിതെന്ന് ചരിത്രകാരന്മാർ നിർണയിച്ചിരിക്കുന്നു.

طوى ആ താഴ്‌വരയുടെ പേരാണ്. അല്ലാഹുവിന്റെ തേജസ് പ്രത്യക്ഷമായപ്പോൾ അവിടം പവിത്രമായി. 'വാദിൽ മുഖദ്ദസ തുവാ' എന്ന വാക്ക് മുഴുവൻ സ്ഥലനാമമാണെന്നഭിപ്രായപ്പെട്ടവരുമുണ്ട്. ഇടുങ്ങിയ താഴ്‌വരകൾക്ക് പൊതുവിൽ പറയുന്ന പേരാണ് 'തുവാ' എന്നുമുണ്ടൊരഭിപ്രായം. ഇനിയൊരു കൂട്ടർ പറയുന്നത് طَوِي എന്ന ക്രിയയുടെ ക്രിയാനാമമാണ് طوى എന്നത്രെ. കർമപദത്തിന്റെ അർഥത്തിലാണതുപയോഗിച്ചിരിക്കുന്നത്. طَوِي ക്ക് താണ്ടി, കടന്നുപോയി എന്നും അർഥമുണ്ട്. നീ സഞ്ചരിച്ച് വിശുദ്ധ താഴ്‌വരയിലെത്തിയിരിക്കുന്നു എന്നാണ് إِنَّكَ بِالْوَادِ الْمُقَدَّسِ طُوًى ക്ക് അവർ കൽപ്പിക്കുന്ന അർഥം.


## Matrimonial

ഖത്തറിൽ സ്ഥിര താമസക്കാരും തൃശൂർ ജില്ലക്കാരുമായ പ്രസ്ഥാന കുടുംബത്തിലെ യുവതി (21/5'1"). BTech Final Year (EC). സാമാന്യ സൗന്ദര്യം. പ്രഫഷണൽ യോഗ്യതയും ദീനീനിഷ്ഠയും സാമ്പത്തിക ഭദ്രതയുമുള്ള യുവാക്കളുടെ രക്ഷിതാക്കളിൽനിന്ന് ആലോചനകൾ ക്ഷണിക്കുന്നു. email: tkshameed1@gmail.com

**0097470336438**(Qatar), **00919995550962**(India)

ജി.ഐ.ഒ പ്രവർത്തക (18). +2, TTC. സൗന്ദര്യം. സാമ്പത്തികം. കോഴിക്കോട് ജില്ല. പ്രസ്ഥാന പ്രവർത്തകരിൽനിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

**9633447700, 9633667700**

ദീനിയായ മുസ്‌ലിം യുവതി (21/155cm). ബിഫാം അവസാന വർഷം. മഞ്ചേരിക്കടുത്ത പ്രദേശം. മലപ്പുറം ജില്ലയിൽനിന്നും കോഴിക്കോട് ജില്ലയിലെ സമീപ പ്രദേശങ്ങളിൽനിന്നും അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.

**8594020075**

മുസ്‌ലിം യുവതി (21/158cm). BSc Optometry. പ്രസ്ഥാന കുടുംബം. സാമാന്യ സൗന്ദര്യം. കോഴിക്കോട് ജില്ല. ആലോചനകൾ ക്ഷണിക്കുന്നു.

**9656486171, 8943857036**

മുസ്‌ലിം യുവതി (23/152 cm). Bcom, ഫാഷൻ ഡിസൈനിംഗിൽ Advance Diploma. മതനിഷ്ഠ. ഇടത്തരം സാമ്പത്തികം/ ജോലി, സാമാന്യ സൗന്ദര്യം, ഉമ്മയും ഇളയ രണ്ട് സഹോദരികൾക്കുമൊപ്പം കോഴിക്കോട് സ്വന്തം വീട്ടിൽ താമസം. സമീപ ജില്ലയിൽ നിന്നുള്ള, സാമ്പത്തികം പരിഗണിക്കാത്തവരിൽനിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

**9446088117**


**13**

**വി**ശുദ്ധ താഴ്‌വരയിലേക്ക് വിളിച്ചു വരുത്തിയ മൂസാക്ക് അല്ലാഹു സ്വയം പരിചയപ്പെടുത്തിയ ശേഷം ആദ്യം അറിയിക്കുന്നത് 'ഞാൻ നിന്നെ തെരഞ്ഞെടുത്തിരിക്കുന്നു' اخترتك എന്നാണ്. എന്തിനുവേണ്ടിയാണ് തെരഞ്ഞെടുത്തതെന്ന് തുടർന്നുവരുന്ന فاستمع لما يوحى എന്ന വാക്കിൽനിന്ന് വ്യക്തമാകുന്നു. അതായത് ദിവ്യസന്ദേശത്തിന്റെ വാഹകനായും അതു ജനങ്ങൾക്ക് എത്തിക്കുന്ന പ്രവാചകനായും അല്ലാഹു താങ്കളെ തെരഞ്ഞെടുത്തിരിക്കുന്നു. ആകയാൽ ദിവ്യസന്ദേശം ശ്രദ്ധിച്ചു കേട്ടുകൊള്ളണം. കേവല കേൾവിക്ക് سمع ആണ് ഉപയോഗിക്കുക. ചെവിയിൽ പതിക്കുന്ന എല്ലാ ശബ്ദവും سمع ആകുന്നു. ബോധപൂർവം ശ്രദ്ധിച്ചു കേൾക്കുകയാണ് استماع. ദിവ്യസന്ദേശം വെറുതെ കേട്ടുപോയാൽ പോരാ, അതിലടങ്ങിയ തത്വങ്ങളും വിശാലമായ ആശയങ്ങളും മനസ്സിലാക്കുകയും അതിന്റെ താൽപര്യമായി വരുന്ന ഭാരിച്ച ഉത്തരവാദിത്വം ഏറ്റെടുക്കാൻ തയാറാവുകയും ചെയ്യുക എന്നാണ് فاستمع لما يوحى യുടെ ആശയം. استماع നെ പൂർവപണ്ഡിതന്മാർ വിശദീകരിക്കുന്നതിങ്ങനെയാണ്: അവയവങ്ങൾ അടക്കി വെക്കുക, കണ്ണ് താഴ്ത്തുക, കേൾവിയെ കേന്ദ്രീകരിക്കുക, മനസ്സാന്നിധ്യം ഉറപ്പാക്കുക, കർമനിശ്ചയമുണ്ടായിരിക്കുക അതാണ് അല്ലാഹു ഇഷ്ടപ്പെടുന്ന الاستماع-ശ്രദ്ധിച്ചു കേൾക്കൽ. അവയവങ്ങൾ നിശ്ചലമാകുമ്പോൾ ഹൃദയം കേൾക്കുന്ന കാര്യത്തിൽ നിമഗ്നമാകുന്നു. കണ്ണുകൾ താഴ്ന്നിരുന്നാൽ അന്യ കാഴ്ചകളാൽ മനസ്സ് അശ്രദ്ധമാവുകയില്ല. കേൾക്കുന്ന കാര്യത്തിൽ പരിമിതമായി നിൽക്കും ബുദ്ധി. അതല്ലാത്ത വിചാരങ്ങൾക്ക് അതിൽ സ്ഥാനമുണ്ടാവില്ല. മനസ്സിലാക്കാനും മനസ്സിലാക്കിയതു പ്രവർത്തിക്കാനുമുള്ള ദൃഢനിശ്ചയവുമുണ്ടാകും. ഇങ്ങനെയുള്ള കേൾവി അധികനേരം താങ്ങാനാവില്ല. പ്രവാചകന്മാർക്കുള്ള ദിവ്യസന്ദേശങ്ങൾ ഇടവിട്ടിടവിട്ട് കുറേശ്ശെയായി അവതരിപ്പിക്കുന്നത് അതുകൊണ്ടാണ്. ഖുർആൻ ഖണ്ഡം ഖണ്ഡമായി അവതരിച്ചതിനെക്കുറിച്ച് كَذَٰلِكَ لِنُثَبِّتَ بِهِۦ فُؤَادَكَ-'അത് നിന്റെ മനസ്സിൽ അടിയുറക്കുന്നതിനു വേണ്ടിയാണിങ്ങനെ' എന്നു പ്രസ്താവിച്ചിട്ടുണ്ട്. ശിഷ്യന്മാരെ ഉപദേശിക്കുമ്പോഴും പ്രവാചകൻ വളരെ കുറച്ചേ സംസാരിക്കാറുണ്ടായിരുന്നുള്ളൂ. ഒരു പത്തു മിനിട്ടിലധികം ദീർഘിച്ച ജുമുഅ ഖുത്വുബകൾ പോലും നബി(സ) നടത്താറുണ്ടായിരുന്നില്ല. അനങ്ങിയാൽ തലയിലിരിക്കുന്ന കിളി പറന്നുപോകും എന്ന വണ്ണമുള്ള ജാഗ്രതയോടും അച്ചടക്കത്തോടും കൂടിയായിരുന്നു ശിഷ്യന്മാർ ആ ഖുത്വുബകൾ കേട്ടിരുന്നതെന്ന് ഹദീസുകളിൽ പറയുന്നു. തിരുമേനി പ്രസംഗം അവസാനിപ്പിക്കുമ്പോൾ ശ്രോതാക്കൾ അതു അക്ഷരംപ്രതി ഹൃദിസ്ഥമാക്കിയിരിക്കും. അത്തരം പല പ്രസംഗങ്ങളും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ■